"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- പ്ലാനിംഗ് വിഭാഗം-ജീവനക്കാര്യം- ശ്രീ. പ്രമോദ് കുമാർ സി.പി-യുടെ ചീഫ് ടൗൺ പ്ലാനർ തസ്തികയിലെ പ്രൊബേഷൻ കാലയളവ് വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(സാധാ) നം.596/2024/LSGD തീയതി,തിരുവനന്തപുരം, 13-03-2024

---

പരാമർശം:-
1. 20.5.2020 ലെ സ.ഉ.(സാധാ) നമ്പർ 927/2020/തസ്വഭവ
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 23.02.2024 തീയതിയിലെ LSGD/PD/4511/2024-IE2 നമ്പർ കത്ത്
3. അക്കൗണ്ടന്റ് ജനറലിന്റെ 02.02.2024 തീയതിയിലെ GE19/B/TPP 31/251496/1258 നമ്പർ കത്ത്

ഉത്തരവ്

തദ്ദേശ സ്വയംഭരണ വകുപ്പിൽ ചീഫ് ടൗൺ പ്ലാനർ തസ്തികയിൽ പരാമർശം (1) പ്രകാരം സ്ഥാനക്കയറ്റം ലഭിക്കുകയും 27.05.2020 മുതൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമായ ശ്രീ പ്രമോദ് കുമാർ സി.പി-യുടെ ചീഫ് ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണ കാലം തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു .

ടിയാൻ പ്രൊബേഷനെ ബാധിക്കുന്ന തരത്തിൽ അവധി ഉപയോഗിച്ചിട്ടില്ലെന്ന് പരാമർശം (3) പ്രകാരം അക്കൗണ്ടന്റ് ജനറൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടിയാളുടെ സ്വഭാവവും ജോലിയും തൃപ്തികരമാണന്നും, ടിയാനെതിരെ വകുപ്പ് തല അച്ചടക്ക നടപടിയോ, വിജിലൻസ് കേസുകളോ നിലവിൽ ഇല്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി . തദ്ദേശ സ്വയംഭരണ വകുപ്പിലെ ചീഫ് ടൗൺ പ്ലാനർ തസ്തികയിൽ 27.05.2020-ന് ജോലിയിൽ പ്രവേശിച്ച ശ്രീ പ്രമോദ് കുമാർ സി.പി-യുടെ ചീഫ് ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണ കാലം കെ.എസ്

& എസ്.എസ്.ആർ ഭാഗം II ചട്ടം 20(ബി) പ്രകാരം 27.11.2020 പൂർവാഹ്നത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീ.പ്രമോദ് കുമാർ സി പി, ചീഫ് ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ)/ഓഡിറ്റ്,തൃശ്ശൂർ,കേരളം
വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി ( File No.EWB3/46/2024-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Keerthi I.p
സെക്ഷൻ ഓഫീസർ
Date: 13-03-2024 17:10:26